പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 449 27/09/2016 -ൽ മറുപടിയ്ക്ക്

**മണലൂർ പഞ്ചായത്തിലെ ക്ഷേത്രക്കുളം സംരക്ഷിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള ധനസഹായ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | എ) | ഇതു സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | തൃശ്ശൂർ ജില്ലയിലെ മണലൂർ പഞ്ചായത്തിലെ ക്ഷേത്രക്കുളം സംരക്ഷിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ | ബി) | ഉണ്ട്. |
| സി) | അപേക്ഷയിന്മേൽ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>**നിബന്ധനകൾ**</u>

(i) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

(ii) കുളങ്ങൾ നവീകരിക്കാനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ, ആ ക്ഷേത്രക്കുളങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(iii) ഒരു കുളത്തിൻെറ നവീകരണത്തിന് സാധാരണഗതിയിൽ ചെലവ് 20 ലക്ഷം രൂപ കവിയാൻ പാടില്ല.

(iv) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കു കയും അവയ്ക്ക് ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invensive approach ആയിരിക്കണം കാവുകളുടെ സംരക്ഷണ ത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രീയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷമായി നിജപ്പെടുത്തുന്നതാണ്.

(v) ആൽത്തറകളുടെ സംരക്ഷണത്തിന് പരാമവധി 50,000/-രൂപ മാത്രമേ അനുവദിക്കാവൂ. ആൽത്തറകൾ തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ വിഭാഗം ജനങ്ങളും ഉപയോഗി ക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(vi) ദേവസ്വം ബോർഡിൻെറ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

(vii) ചെലവുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടത് അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരാണ്.

(viii) ആൽത്തറകൾ, കുളങ്ങൾ എന്നിവ പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

(ix) കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തോട് ചേർന്നുള്ളതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസർ നൽകേണ്ടതാണ്.

(x) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്.

(xi) പദ്ധതികളുടെ പുരോഗതി അതാത് ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ വിലയിരുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(xii) ടി ആവശ്യത്തിന് നൽകുന്ന തുക പൂർണ്ണമായും ഉപയോഗിക്കാത്ത ക്ഷേത്രങ്ങളിൽ നിന്നും നൽകിയ തുക വസൂലാക്കുന്നതാണ്.

(xiii) ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് അപേക്ഷിക്കേണ്ടതും, ദേവസ്വം ബോർഡുകൾ അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്.

(xiv) സർക്കാർ അംഗീകരിച്ചു നൽകുന്ന പണി മാത്രമേ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ പാടുള്ളൂ. നിശ്ചിത മാതൃകാ അപേക്ഷാ ഫാറത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Section Officer